**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1101** **18-09-2025 - ൽ മറുപടിയ്ക്ക്**

**പൂരപ്പുഴ പാറയിൽ വി.സി.ബി. നിർമ്മാണത്തിലെ ചോർച്ച പരിഹരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പൂരപ്പുഴ പാറയിലെ വി.സി.ബി. (Vented Cross Bar ) നിർമ്മാണത്തിലെ ചോർച്ച പരിഹരിക്കുന്നതിനായി ഫൈബർ ഷട്ടർ മാറ്റി മെറ്റൽ ഷട്ടർ ആക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പൂരപ്പുഴ പാറയിൽ വി.സി.ബി നിർമ്മാണം പൂർത്തീകരിക്കുകയോ പൂർത്തീകരണ certificate issue ചെയ്യുകയോ ചെയ്യിട്ടില്ലാത്തതുമായ സാഹചര്യത്തിൽ പ്രവൃത്തിയിൽ ഉൾപ്പെട്ട FRP ഷട്ടറിലൂടെ വന്ന ചോർച്ച പരിഹരിക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമായതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നിർദ്ദേശ പ്രകാരം കരാറുകാരൻ ഷട്ടറുകൾ പൂനെ ആസ്ഥാനമായുള്ള ഷട്ടർ നിർമ്മാതാക്കൾക്ക് അയക്കുകയും ഷട്ടറുകളുടെ അപാകതകൾ പരിഹരിച്ച് തിരിച്ചയക്കുകയും തുടർന്ന് ഷട്ടറുകൾ പുനഃസ്ഥാപിക്കുകയും ചെയ്യെങ്കിലും ബീഡിംഗിലൂടെയുള്ള ചോർച്ചക്ക് പൂർണ്ണപരിഹാരമായിട്ടില്ല. പൂനെയിലെ ഷട്ടർ നിർമ്മാതാക്കൾ സ്ഥലം സന്ദർശിച്ച് ചോർച്ച പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പാറയിൽ വി.സി.ബി.യുടെ ചോർച്ച പരിഹരിക്കുന്നതിന് മൈനർ ഇറിഗേഷൻ സിവിൽ വിഭാഗവും ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവും നടത്തിയ സംയുക്ത പരിശോധനയെ തുടർന്ന് മെക്കാനിക്കൽ വിഭാഗം, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ PRICE മുഖേന 62.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്. |
| (ബി) | മെക്കാനിക്കൽ വിഭാഗം എൻജിനീയർമാർ വി.സി.ബി.യുടെ ചോർച്ച തടയുന്നതിന് സമർപ്പിച്ച റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |
| (സി) | വി.സി.ബി.യുടെ ചോർച്ച തടയുന്നതിനുള്ള നടപടി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ; | (സി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഈ വി.സി.ബി.യുടെ ചോർച്ച പരിഹരിക്കുന്നതിൽ വന്ന കാലതാമസം എത്രയാണ്; വിശദമാക്കാമോ; കാലതാമസം കാരണം അധികമായി വന്ന സാമ്പത്തിക ബാധ്യത എത്രയാണ്; വിശദമാക്കാമോ; | (ഡി) | **വി.സി.ബി.യുടെ ചോർച്ച ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. പ്രവൃത്തി Contract period നുള്ളിൽ ആയതിനാൽ നിലവിൽ അധികബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.** |
| (ഇ) | ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തീയതി, സാങ്കേതിക അനുമതി നൽകിയ തീയതി, എഗ്രിമെന്റ് ഒപ്പുവെച്ച തീയതി, നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ചോർച്ചയുള്ളതിനാൽ എം.എൽ.എയുടെ ആവശ്യപ്രകാരം മെക്കാനിക്കൽ എൻജിനീയറിങ് വിഭാഗം സന്ദർശിച്ച തീയതി, ചോർച്ച മാറ്റുന്നതിന് നിലവിലുള്ള ഫൈബർ ഷട്ടർ മാറ്റി മെക്കാനിക്കൽ ഷട്ടർ സ്ഥാപിക്കണം എന്ന് റിപ്പോർട്ട് സമർപ്പിച്ച തീയതി എന്നിവ ഓരോന്നും ഇനം തിരിച്ച് വിശദമാക്കാമോ; | (ഇ) | **ഭരണാനുമതി GO (Rt)No.391/17/WRD dated 06/05/2017.**<br><br>**സാങ്കേതികാനുമതി – ORDER NO. MIDMpm/2019-2020/2019/174/IA Dated: 12/07/2019.**<br><br>**എഗ്രിമെന്റ് – No. SE(MI) 27/2019-20 dated: 04/10/2019.**<br><br>**തിരൂരങ്ങാടി എം എൽ എ-യുടെ ആവശ്യപ്രകാരം മെക്കാനിക്കൽ വിഭാഗം 12-01-2024 തീയതിയിൽ സൈറ്റ് സന്ദർശിക്കുകയും 23-01-2024-ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ, നിലവിലുള്ള ഫൈബർ ഷട്ടറുകൾ മാറ്റി പുതിയ മെറ്റൽ ഷട്ടറുകൾ സ്ഥാപിക്കുന്നതാണ് ഉചിതമെന്ന് മെക്കാനിക്കൽ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. തുടർന്ന് PRICE-3 മുഖേന 62,00,000/- (അറുപത്തി രണ്ട് ലക്ഷം) രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി 06-11-2024-ന് സാമ്പത്തിക/ ഭരണാനുമതികൾക്കായി മെക്കാനിക്കൽ വിഭാഗം ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നൽകുകയും പ്രസ്തുത കാര്യാലയം അത് പരിശോധിച്ചു വരികയാണ്.** |
| (എഫ്) | ഈ പദ്ധതിയുടെ അപാകത പരിഹരിക്കുന്നതിന് മെക്കാനിക്കൽ ഷട്ടർ ആക്കി മാറ്റുന്നതിനുള്ള റിപ്പോർട്ട് പ്രകാരമുള്ള ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും, ഇനി ഇതിന്റെ തുടർനടപടികൾ എന്തെല്ലാമാണെന്നും ബന്ധപ്പെട്ട വകുപ്പിലെയും ചീഫ് എൻജിനീയറുടെയും ഓഫീസിലെയും ഫയൽ നമ്പറുകൾ സഹിതം വിശദമാക്കാമോ? അത് എത്രയാണ്? | (എഫ്) | **പ്രസ്തുത എസ്റ്റിമേറ്റ് (PRICEID-IRR /MH/EST/5022/2024_16_1_1) നിലവിൽ സാമ്പത്തിക/ഭരണാനുമതികൾക്കായി മെക്കാനിക്കൽ വിഭാഗം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് PRICE-3 മുഖേന നൽകിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. മെക്കാനിക്കൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ CEMECH/4/2024-CT ആണ്.** |

സെക്ഷൻ ഓഫീസർ